## കൊടക്കാട്ട് പാത്തുമ്മ



**ചേന്ദമംഗല്ലൂർ** കൊടക്കാട്ട് പാത്തുമ്മ (മാളാച്ചി) സെപ്റ്റംബർ 20-ന് അല്ലാഹുവിങ്കലേക്ക് യാത്രയായി. ചേന്ദമംഗല്ലൂരിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനം ആരംഭിച്ചതു മുതൽ അവർ പ്രസ്ഥാനത്തിന്റെ സഹയാത്രികയായിരുന്നു. മർഹൂം കെ.സി അബ്ദുല്ല മൗലവി സംബന്ധിച്ചിരുന്ന ഗൃഹാങ്കണയോഗങ്ങളുടെ സംഘാടക പലപ്പോഴും അവരായിരുന്നു. രോഗികളെ പരിചരിക്കാനും മയ്യിത്ത് കുളിപ്പിക്കാനും മയ്യിത്ത് സംസ്കരണ മുറകൾ പുതുതലമുറയെ അഭ്യസിപ്പിക്കാനും അവർ മുൻപന്തിയിലുണ്ടായിരുന്നു.

**ടി.എൻ അബ്ദുൽ അസീസ്**
**ചേന്ദമംഗല്ലൂർ**

## പി.എം ശരീഫ്



**കോട്ടയം** ചങ്ങനാശ്ശേരി ഏരിയയിലെ ആദ്യകാല പ്രവർത്തകനും ജമാഅത്ത് അംഗവുമായിരുന്നു പി.എം ശരീഫ് സാഹിബ്.

ഇസ്‌ലാമിക കൃതികളുമായി വീടുകളിലും പള്ളികളിലും അരമനകളിലും അങ്ങാടിയിലും കയറിച്ചെന്ന് പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നത് ഒരു ദിനചര്യയായിരുന്നു അദ്ദേഹത്തിന്. പുതിയ തലമുറയെ അദ്ദേഹം എല്ലാ നിലക്കും പ്രോത്സാഹിപ്പിച്ചു. വാക്ചാതുരിയും വലിയ പാണ്ഡിത്യവുമില്ലെങ്കിലും എങ്ങനെ മാതൃകാ പ്രവർത്തനം കാഴ്ച വെക്കാമെന്ന് അദ്ദേഹം തെളിയിച്ചു.

**പി.എ നൗഷാദ്**
**ചങ്ങനാശ്ശേരി**

## കെ.വി കമ്മദ് കുട്ടി



**വാഴക്കാട്** ഏരിയയിലെ ഒളവട്ടൂർ ഇസ്‌ലാമിക് ഗൈഡൻസ് ട്രസ്റ്റ് പ്രഥമ ചെയർമാൻ കല്ലറകാളാട്ടുമ്മൽ കമ്മദ് കുട്ടി ഹാജി 2007 സെപ്റ്റംബർ 23-ന് മരണപ്പെട്ടു. 1970-ലാണ് ഒളവട്ടൂർ മുത്തഫിഖ് ഹൽഖ രൂപവത്കരിക്കപ്പെടുന്നത്. ജമാഅത്തിന്റെ ഒന്നും രണ്ടും സംസ്ഥാന സമ്മേളനങ്ങളിൽ പങ്കെടുത്ത കമ്മദ് കുട്ടി ഹാജിയായിരുന്നു ഹൽഖാ രൂപീകരണത്തിന് ഹേതുവായത്.

1982-ൽ ഒളവട്ടൂർ ഇസ്‌ലാമിക് ഗൈഡൻസ് ട്രസ്റ്റ് രൂപീകരിച്ചു. മസ്ജിദുൽ ഹിദായക്ക് സ്ഥലം നൽകിയതും അദ്ദേഹമായിരുന്നു.

**സമദ് മേച്ചേരി ഒളവട്ടൂർ**

## എ. പി മമ്മദ് കുട്ടി



**അമ്പതുകളുടെ** ആരംഭത്തിൽ അരീക്കോടിനടുത്ത കീഴുപറമ്പ് പ്രദേശത്ത് പ്രസ്ഥാനം കടന്നുവന്ന ആദ്യഘട്ടത്തിൽതന്നെ അതുമായി സഹകരിച്ച വ്യക്തിയായിരുന്നു 17.10.'07-ന് നിര്യാതനായ എ.പി മമ്മദ് കുട്ടി സാഹിബ്. കുടുംബത്തെ കണിശമായി ഇസ്‌ലാമിക ചിട്ടയിൽ വളർത്തിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. പണ്ഡിതരായ 4 ആൺമക്കളും സജീവ ഇസ്‌ലാമിക പ്രവർത്തകരാണ്. പ്രസ്ഥാന കുടുംബം എന്ന സങ്കൽപം സാക്ഷാത്കരിക്കാൻ സാധിച്ച അനുഗൃഹീതനാണ് എ.പി. ലളിത ജീവിതം കുടുംബത്തിന്റെ മുഖമുദ്രയാണ്.

സൗമ്യവും സരസവുമായ പെരുമാറ്റം വഴി എ.പിക്ക് വലിയൊരു സുഹൃദ്‌വലയം ഉണ്ടായിരുന്നു.

**എം.കെ. മൂസ കീഴുപറമ്പ്**

## കെ.പി അബൂബക്കർ

**അബ്ദുർറഹ്മാൻ** നഗർ ഇരുമ്പുചോല ഘടകത്തിലെ പ്രവർത്തകനായ കെ.പി



അബൂബക്കർ ഹാജി കരിമ്പിൽ നിര്യാതനായി. രണ്ടു പതിറ്റാണ്ടിലേറെക്കാലം കച്ചവടാവശ്യാർഥം പേരാമ്പ്രയിലായിരുന്നു താമസം. അവിടെ വെച്ച് 1970-കളിലാണ് പ്രസ്ഥാനബന്ധത്തിന്റെ തുടക്കം. കരിമ്പ് മഹല്ല് ജുമാ മസ്ജിദിന്റെ സെക്രട്ടറിയായിരുന്നിട്ടുണ്ട്. പൂർണ പ്രാസ്ഥാനിക കുടുംബം.

**കെ.ടി അബ്ദുർറഹ്മാൻ നദ്‌വി**

## മുഹമ്മദ് കുട്ടി

**കാളികാവ്** മഞ്ഞപ്പെട്ടി പ്രാദേശിക ജമാഅത്തിൽ അംഗമായിരുന്ന മാഞ്ചേരിതൊടിക മുഹമ്മദ് കുട്ടി (ആപി സാഹിബ്) നിര്യാതനായി. 85 വയസ്സായിരുന്നു. അമ്പതുകളുടെ ആദ്യത്തിൽ കൂരിപ്പൊയിൽ ഹംദർദ് ഹൽഖ രൂപീകൃതമായ ഘട്ടത്തിൽ തന്നെ പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായി. മഞ്ഞപ്പെട്ടി പ്രാദേശിക അമീർ, ദഅ്‌വത്തുൽ ഇസ്‌ലാം ട്രസ്റ്റ് ചെയർമാൻ, അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഭാര്യയും അഞ്ച് പെൺമക്കളും മൂന്ന് ആൺമക്കളുമുണ്ട്.

**പി. മൊയ്തീൻ**

പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ-ആമീൻ.